



# വൈദികപാരമ്പര്യവും സാമൂഹികൈക്യവും

കെ.എ. രവീന്ദ്രൻ

സമാഹരണം

കടവല്ലൂർ അന്യോന്യപരിഷത്ത്

VALLATHOL EDUCATIONAL TRUST

# സാമൂഹികൈകൃചിന്ത ഉപനിഷത്തുകളിൽ

ഡോ. വി. വസന്തകുമാരി

മനുഷ്യൻ സമൂഹത്തിന്റെ അടിസ്ഥാനമാണ്. മനുഷ്യസൃഷ്ടി അത്യന്തം മനോഹരവും ദുർലഭവുമാണ്. *പുരുഷോ വാവ സുകൃതം*[1] എന്ന ഐതരേയോപനിഷദ്വാക്യം മനുഷ്യസൃഷ്ടിയുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. നരജന്മലബ്ധി ധന്യമാണെന്ന് വിവേകചൂഡാമണിയും ഭാഗവതവും സൂചിപ്പിക്കുന്നു. വിവേകശാലിയായ മനുഷ്യൻ മററുജീവികളിൽവച്ച് അത്യന്തം ശ്രേഷ്ഠനാണ്. ജന്മംകൊണ്ട് മനുഷ്യത്വം സ്വയം പ്രാപ്തമാണെങ്കിലും അതു സംരക്ഷിക്കുവാൻ വളരെ പ്രയാസമാണ്. അതുകൊണ്ടുതന്നെയാണ് വേദത്തിൽ *മനുഷ്യോ ഭവ*-മനുഷ്യനായിത്തീരുക എന്നു പറഞ്ഞിരിക്കുന്നത്. യാതൊരു ശക്തികൊണ്ടാണോ മനുഷ്യൻ സമ്പന്നനായിത്തീർന്നത്, ആ ശക്തി മറ്റുള്ള ജീവികൾക്ക് അപ്രാപ്യമാണ്. ലൗകികമായ അഭ്യുന്നതിയും മോക്ഷവും പ്രാപിക്കുവാൻ മനുഷ്യനാണു സമർത്ഥൻ. *മനുഷ്യാ ഏവ ഹി വിശേഷതോഽഭ്യുദയനിഃശ്രേയസസാധനേഽധികൃതാഃ* എന്ന് ശ്രീശങ്കരൻ ബൃഹദാരണ്യകോപനിഷദ്ഭാഷ്യത്തിൽ പറയുന്നു. *സംഗച്ഛധ്വം സംവദധ്വം*[2] എന്ന സങ്കൽപ്പത്തെ മുൻനിർത്തി *വസുധൈവ കുടുംബകം*[3] എന്ന തത്ത്വം യാഥാർത്ഥ്യമാക്കുവാൻ അവൻ ശക്തനാണ്.

എന്നാൽ മനുഷ്യന്റെ ഉയർച്ചയും താഴ്ചയും അവൻ ജീവിക്കുന്ന സാമൂഹികാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. ഒരു സമൂഹത്തിന്റെ വേര് വ്യക്തിയിൽ നിഹിതമാണ്. വ്യക്തികൾ ചേരുമ്പോൾ സമൂഹം രൂപപ്പെടുന്നു. സമൂഹമെന്നതിനു സംസ്കൃതപദം *സമാജഃ* എന്നാണ്. *സമം അജന്തി ജനാഃ അസ്മിൻ ഇതി സമാജഃ*- എവിടെയാണോ മനുഷ്യർ ഒരുപോലെ ഒത്തുചേർന്നു ചരിക്കുന്നത്, അതാണു സമാജം അഥവാ സമൂഹം. ഈ സമത്വമാണ് ഉപനിഷത്തുകൾ ഉദ്ഘോഷിക്കുന്നത്. അനാദികാലം മുതല്ക്കുള്ള ആത്മസംസാരസംബന്ധത്തെ പൂർണ്ണമായി ഇല്ലാതാക്കുന്നവയാണ് ഉപനിഷത്തുകൾ. അജ്ഞാനത്തെ ഉൻമൂലനം ചെയ്യുന്നതാണിവ. ആത്മീയമൂല്യങ്ങൾ ഉയർത്തിക്കാട്ടുന്നതിൽ ഏറ്റവും ഉയർന്നതലത്തിൽ വർത്തിക്കുന്നവയാണ് ഉപനിഷത്തുകൾ.

മനുഷ്യജന്മത്തിന്റെ അന്തിമലക്ഷ്യം ജീവബ്രഹ്മൈക്യസാക്ഷാത്കാരമാണ്. മനുഷ്യന്റെ ചേതനയെ ക്രമമായി അതിന്റെ പരാകാഷ്ഠയിലേക്ക് ഉയർത്തുകയാണ് ഉപനിഷത്തുകൾ ചെയ്യുന്നത്. ഈ തലത്തിലേക്കുയരാ

ത്തതാണ് ഇന്നത്തെ എല്ലാ സാമൂഹികപ്രശ്നങ്ങൾക്കും കാരണം. വ്യക്തി യും സമൂഹവും പരസ്പരം ആശ്രയിച്ചുവർത്തിക്കുന്നു. അതുകൊണ്ട് വ്യ ക്തികളുടെയും സമൂഹത്തിന്റെയും ഉന്നമനത്തിനുവേണ്ടിയാണ് ഋഷിമാർ വർണ്ണാശ്രമവ്യവസ്ഥ കൊണ്ടുവന്നത്. വേദോപനിഷത്തുകളിൽ ഇതിനെ ക്കുറിച്ച് വ്യക്തമായ വിവരണമുണ്ട്. വേദങ്ങളേക്കാൾ വർണ്ണവ്യവസ്ഥയുടെ ആവശ്യകതയെക്കുറിച്ചും വർണ്ണങ്ങളുടെ പരസ്പരസഹകരണത്തെക്കു റിച്ചും വ്യക്തത ലഭിക്കുന്നത് ഉപനിഷത്തുകളിൽ നിന്നാണ്. ഒരേ പ്രജാപതി (വിരാട്പുരുഷൻ)യിൽ നിന്നും ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ നാലു വിഭാഗങ്ങൾ ഉണ്ടായതായും അത്യന്തം സുഖസൗമനസ്യപൂർ ണ്ണമായ ഒരു സമത്വം അക്കാലത്ത് നിലനിന്നിരുന്നതായും ബൃഹദാരണ്യ കോപനിഷത്തിൽ പറയുന്നുണ്ട്. കർമ്മത്തിന്റെ അടിസ്ഥാനത്തിലാണ് വർണ്ണ വിഭജനം നടത്തപ്പെട്ടത്, ജന്മത്തിന്റെ അടിസ്ഥാനത്തിലല്ല. ജാതിയാണ് ജന്മ ത്തിനടിസ്ഥാനം.

വേദങ്ങളിൽ വിരാട്പുരുഷന്റെ അവയവങ്ങളായാണ് ബ്രാഹ്മണാദിവർ ണ്ണങ്ങളെ വർണ്ണിക്കുന്നതെങ്കിൽ ഉപനിഷത്തുകളിൽ ബ്രഹ്മത്തിൽ നിന്നും ക്രമമായി ഇവർ ഉണ്ടായതായി പറയപ്പെടുന്നു- *ബ്രഹ്മ വാ ഇദമഗ്ര ആസീ ദേകമേവ തദേകം സന്ന വ്യഭവത്. തച്ഛ്രേയോരൂപമത്യസൃജത ക്ഷത്രം . . . . സ നൈവ വ്യഭവത് സ വിശമസൃജത യാന്യേതാനി ദേവതാനി ഗണശ ആഖ്യായന്തേ. . . . മരുത ഇതി. സ നൈവ വ്യഭവത് സ ശൗദ്രം വർ ണ്ണമസൃജത്*[4]. അതായത് സൃഷ്ടിയുടെ ആരംഭത്തിൽ ബ്രഹ്മം മാത്രമായി രുന്നു. ബ്രഹ്മം തന്നെയാണ് ബ്രാഹ്മണരൂപം. ഏകമായ ഇത് വിഭൂതിയുക്ത മായ കർമ്മങ്ങൾ ചെയ്യാൻ സമർത്ഥമായിരുന്നില്ല. അതിനുവേണ്ടി, അതിന്റെ അതിശയത്വംകൊണ്ട് ക്ഷത്രിയൻ എന്ന പ്രശസ്തമായ സൃഷ്ടിയെ ചെ യ്തു. അപ്പോഴും വിഭൂതിയുക്തമായ കർമ്മം ചെയ്യാൻ സാമർത്ഥ്യമില്ലാത്ത തുകൊണ്ട് വൈശ്യനേയും അനന്തരം ശൂദ്രനേയും സൃഷ്ടിച്ചു. അവരെ നിയ ന്ത്രിക്കുന്നതിനായി ധർമ്മത്തെ സൃഷ്ടിച്ചു. ഇവിടെ ഈ നാലു വർണ്ണ ങ്ങളുടെയും ഉദാത്തമായ ഒരു സൃഷ്ടിയെയാണ് പ്രതിപാദിക്കുന്നത്. ഇതേ ആശയം തന്നെ മഹാഭാരതത്തിലും കാണാൻ സാധിക്കും:

*ഏകവർണമിദം പൂർവം വിശ്വം ആസീത് യുധിഷ്ഠിര,*
*ക്രിയാകർമവിഭേദേന ചാതുർവർണ്യം പ്രതിഷ്ഠിതം*[5].

ആദ്യം ഒരേ ഒരു വർണ്ണമേ ഉണ്ടായിരുന്നുള്ളുവെന്നും ക്രിയാകർമ്മഭേ ദത്തിന്റെ അടിസ്ഥാനത്തിലാണ് ചാതുർവർണ്ണ്യം പ്രതിഷ്ഠിതമായതെന്നും ഇതിൽനിന്നും വ്യക്തമാണ്.

എന്നാൽ ഇന്ന് അത് അസഹിഷ്ണുത തീർക്കുന്ന ഒന്നായി മാറി. വ്യാ ഖ്യാതാക്കളിൽ വന്ന പിഴവോ സ്വാർത്ഥമതികളായ ചിലരുടെ നീക്കങ്ങളോ വളരെ മോശമായ ജാതിവ്യവസ്ഥയിൽ നമ്മെ കൊണ്ടെത്തിച്ചിരിക്കുന്നു. ജാതിയുടെയും മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ ഭാരതത്തിൽ മനുഷ്യക്കുരുതി നടക്കുന്നു എന്നുള്ളത് തികച്ചും ലജ്ജാകരമാണ്. ലക്ഷ്യ

മൊന്നാണെങ്കിലും വ്യത്യസ്തമായ ആചാരങ്ങളും അനുഷ്ഠാനങ്ങളു ഇവിടെ നിലനിൽക്കുന്നു. വ്യക്തികളുടെ ഭിന്നാഭിരുചികളാണിതിനു കാരണ മെന്ന് ശിവമഹിമ്നസ്തോത്രം വ്യക്തമാക്കുന്നു.

*രുചീണാം വൈചിത്ര്യാദൃജുകുടിലനാനാപഥജുഷാം*

*നൃണാമേകോ ഗമ്യസ്ത്വമസി പയസാമർണവ ഇവ്.*

വ്യത്യസ്തങ്ങളായ ജലോപാധികൾ അവസാനം സമുദ്രത്തിൽ എത്തി ച്ചേരുന്നതുപോലെ മനുഷ്യരും വ്യത്യസ്തമായ മാർഗങ്ങളിലൂടെ ഒരേ ലക്ഷ്യ സ്ഥാനത്തെത്തിച്ചേരുന്നു. ക്രിസ്തുമതത്തിനും ഹിന്ദുമതത്തിനും ഇസ്ലാം മതത്തിനുമെല്ലാം ഭിന്നമായ ആചാരാനുഷ്ഠാനങ്ങളാണെങ്കിലും ഇവയുടെ ആത്യന്തികമായ ലക്ഷ്യം മോക്ഷമാണ്. ഒരേ ലക്ഷ്യത്തെ പ്രാപിക്കുവാനുള്ള വത്യസ്തമാർഗങ്ങളാണിവ എന്ന യാഥാർത്ഥ്യം നാം പലപ്പോഴും മറക്കുന്നു.

മതപരമായ സഹിഷ്ണുതയുടെ തുടക്കം ഋഗ്വേദത്തിൽ കാണാം-*ഏകം സദ്വിപ്രാഃ ബഹുധാ വദന്തി*[7]-സത്ത് ഒന്നേയുള്ളു, പണ്ഡിതന്മാർ അതിനെ പല പേരിൽ വിളിക്കുന്നു. ക്രിസ്തുവെന്നും അള്ളാഹുവെന്നും കൃഷ്ണനെ ന്നും ശിവനെന്നും മററും വ്യത്യസ്തങ്ങളായ പേരുകൾ ചൊല്ലി വിളിക്കു ന്നു. ഏകവും അദ്വിതീയവുമായ *സത്* മാത്രമേ സൃഷ്ടിക്കുമുമ്പുണ്ടായിരു ന്നുള്ളുവെന്ന് ഉപനിഷത്തും വെളിപ്പെടുത്തുന്നു- *സദേവ സോമ്യേദമഗ്ര ആസീദേകമേവാദ്വിതീയം*[8]. ഈ സത്യം ബ്രഹ്മമാണ്-ചൈതന്യമാണ്-വർ ണ്ണാശ്രമാദികൾക്ക് അതീതമാണ്.

ഈശ്വരനെ വ്യത്യസ്തങ്ങളായ ആത്മീയമാർഗങ്ങളിൽക്കൂടി സാക്ഷാത് കരിക്കാമെന്ന് പ്രാചീനകാലത്തുതന്നെ നമ്മുടെ ആചാര്യന്മാർ പഠിപ്പിച്ച തന്നിരുന്നുവെങ്കിലും എല്ലാ മതങ്ങളും ഒരേ ഈശ്വരനിലേക്ക് നയിക്കുന്നവ യാണെന്ന് ആദ്യമായി മനസ്സിലാക്കിത്തന്നത് ശ്രീരാമകൃഷ്ണപരമഹംസ രാണ്. അതുകൊണ്ട് അദ്ദേഹമാണ് സർവ്വമതങ്ങളേയും സമന്വയിപ്പിച്ചത് എന്നു പറയാം. ഈ പ്രപഞ്ചം മുഴുവൻ ബ്രഹ്മമാണ്- *സർവ്വം ഖല്വിദം ബ്ര ഹ്മ.*[9], ഈശ്വരമയമാണീ പ്രപഞ്ചം- *ഈശാവാസ്യമിദം സർവ്വം*[10] തുടങ്ങിയ വാക്യങ്ങളാവാം അദ്ദേഹത്തെ സ്വാധിനിച്ചത്.

ആരാണ് ഈശ്വരൻ? ഈശ്വരന്റെ രൂപമെന്താണ്? ഈ വിഷയങ്ങളെ ക്കുറിച്ച് എല്ലാവരുടേയും ചിന്ത സമാനമാണ്. സകലമംഗളഗുണനിലയമാണ് ഈശ്വരൻ. എന്നിരുന്നാലും നാമത്തിന്റെയും രൂപത്തിന്റെയും പേരിൽ പരസ്പരം കലഹിക്കുന്നു. അതുപോലെത്തന്നെ ഈശ്വരന് രൂപമുണ്ടെന്നും ഇല്ലെന്നും അഭിപ്രായവ്യത്യാസമുണ്ട്. അവർക്ക് ഉപനിഷത്ത് ഇപ്രകാരം മറുപടി നൽകുന്നു: *ദ്വേ വാ ബ്രഹ്മണോ രൂപേ; മൂർത്തം ചൈവാമൂർത്തം ച.*[11] മൂർത്തമെന്നും അമൂർത്തമെന്നും ബ്രഹ്മത്തിനു രണ്ടു രൂപങ്ങളുണ്ട്. മൂർത്തം സഗുണവും അമൂർത്തം നിർഗുണവുമാണ്. സഗുണബ്രഹ്മം ലൗകികോപാസനക്കുവേണ്ടിയാണ്. സഗുണം ജീവനും നിർഗുണം പരമാ ത്മാവുമാണ്. ഇവ രണ്ടും നമ്മിൽത്തന്നെയുണ്ടെന്ന് ഉപനിഷത്ത് വ്യക്തമാ ക്കുന്നു-

*ദ്വാ സുപർണാ സയുജാ സഖായാ സമാനം വൃക്ഷം പരിഷസ്വജാതേ,*
*തയോരന്യഃ പിപ്പലം സ്വാദ്വത്തി അനശ്നന്നന്യോഽഭിചാകശീതി//* [12]

അതായത്, ഒരേ വൃക്ഷത്തിൽ (ശരീരത്തിൽ) സ്വർണ്ണച്ചിറകുകളോടുകൂടിയ ആത്മസുഹൃത്തുക്കളായ രണ്ടു പക്ഷികൾ ആലിംഗനബദ്ധരായിരിക്കുന്നു. അവയിലൊന്നു പിപ്പലവൃക്ഷത്തിന്റെ ഫലം വളരെ സ്വാദോടുകൂടി ഭക്ഷിക്കുന്നു. മറേറത് ഭക്ഷിക്കാതെ സാക്ഷിയായി വർത്തിക്കുന്നു. ഇതിലെ ഭോക്താവ് ജീവനും സാക്ഷി പരമാത്മാവുമാണ്. ഇതു രണ്ടും ഒന്നാണെന്നുള്ള തിരിച്ചറിവാണ് ഉപനിഷദ്വാക്യങ്ങൾ നമുക്കു നൽകുന്നത്.

*പ്രജ്ഞാനം ബ്രഹ്മ*[13] (ബ്രഹ്മം ജ്ഞാനസ്വരൂപമാണ്) എന്ന ലക്ഷണവാക്യവും *അയമാത്മാ ബ്രഹ്മ*[14] (ജീവൻ ബ്രഹ്മമാണ്) എന്ന അനുസന്ധാനവാക്യവും *തത്ത്വമസി*[15] (ജീവനും ബ്രഹ്മവും ഒന്നാണ്) എന്ന ഉപദേശവാക്യവും *അഹം ബ്രഹ്മാസ്മി*[16] (ഞാൻ എന്ന ജീവൻ ബ്രഹ്മമാണ്)എന്ന സാക്ഷാത്കാരവാക്യവും മനസ്സിലാക്കുന്ന ഒരുവനുമാത്രമേ സമ്യഗ്ദർശിയാവാൻ സാധിക്കുകയുള്ളു. ഓരോ മതങ്ങളും ഉദ്ഘോഷിക്കുന്ന ഈശ്വരസ്വരൂപത്തിന് അപ്പുറം ബ്രഹ്മമാകുന്ന ചൈതന്യം മാത്രമാണ് സത്യം എന്ന തിരിച്ചറിവ് ഈശ്വരന്റെ പേരിലുള്ള കലഹങ്ങൾ അവസാനിപ്പിക്കും. ഉപനിഷത്ത് പറയുന്നു:

*യസ്തു സർവാണി ഭൂതാന്യാത്മന്യേവാനുപശ്യതി*
*സർവഭൂതേഷു ചാത്മാനം തതോ ന വിജുഗുപ്സതേ.*[17]

യാതൊരുവനാണോ തന്നിലുള്ള ആത്മാവിനെ മററുള്ള ഭൂതങ്ങളിലും മററുള്ളവയിലുള്ള ആത്മാവിനെ തന്നിലും ദർശിക്കുന്നത് അവന് ആരോടും വിദ്വേഷം ഉണ്ടാവില്ല. ആത്മാവ് സത്യമാണ്- അക്ഷരമാണ്. എപ്രകാരമാണോ സുദീപ്തമായ അഗ്നിസ്ഫുലിംഗത്തിൽ നിന്നും അനേകായിരം സ്ഫുലിംഗങ്ങൾ ഉദ്ഭവിക്കുന്നത് അപ്രകാരം ഈ അക്ഷരത്തിൽ നിന്നും സരൂപങ്ങളായ അനേകം പ്രജകൾ- ജീവജാലങ്ങൾ ഉണ്ടാവുകയും അതിൽത്തന്നെ ലയിക്കുകയും ചെയ്യുന്നു: *തദേത് സത്യം യഥാ സുദീപ്താത് വിസ്ഫുലിംഗാത് സഹസ്രശഃ പ്രഭവന്തേ സരൂപാഃ തഥാഽക്ഷരാത് വിവിധാഃ സോമ്യഭാവാഃ പ്രജായന്തേ തത്ര ചൈവാപിയന്തി*[18]

തന്റെ സഹജീവികളെ തന്നെപ്പോലെ ആത്മാവിന്റെ അംശമായിക്കാണാൻ ഈ വാക്യം ഉപദേശിക്കുന്നു. മനുഷ്യൻ മാത്രമല്ല ബ്രഹ്മാവു മുതൽ ഉറുമ്പു വരെയുള്ള എല്ലാ പ്രാണികളുടെയും ആത്മാവ്-പ്രാണൻ-തുല്യമാണെന്ന് ഉപനിഷത്ത് വ്യക്തമാക്കുന്നു: *സമത്വം പ്രാണസ്യ, സമഃ പ്ലുഷിണാ സമോ മശകേന സമോ നാഗേന സമ ഏഭിസ്ത്രിഭിർലോകൈഃ*[19]. മനുഷ്യൻ തുടങ്ങി എല്ലാ പ്രാണികളും പരസ്പരോപകാര്യോപകാരകഭാവത്തിൽ വർത്തിക്കുന്നുവെന്ന് ശ്രീശങ്കരൻ പറയുന്നു. ഇതിലൂടെ മാത്രമേ പരിസ്ഥിതി സന്തുലനം സാധ്യമാവുകയുള്ളൂ. മനുഷ്യൻ ശ്വാസോച്ഛ്വാസത്തിനും സ്വന്തം നിലനിൽപ്പിനും വൃക്ഷലതാദികളെയാണ് ആശ്രയിക്കുന്നത്-പ്രാണാപാനൗ

വ്രീഹിയവൗ.[20] ക്രിസ്തുമതത്തിലും ഇസ്ലാംമതത്തിലും മൃഗങ്ങൾക്ക് ആത്മാവില്ലെന്നാണ് അഭിപ്രായം. എന്നാൽ ഉപനിഷത്തു പറയുന്നത് പ്രജ്ഞാനേത്രോ ലോകഃ പ്രജ്ഞാ പ്രതിഷ്ഠാ പ്രജ്ഞാനം ബ്രഹ്മ[21] എന്നാണ്. ഇത് വഴി മൃഗങ്ങൾക്കും മനുഷ്യർക്കും വൃക്ഷങ്ങൾക്കുമെല്ലാം ചേതനയുണ്ടെന്നു വ്യക്തമാകുന്നു. ഛാന്ദോഗ്യത്തിൽ ജീവൻ വൃക്ഷദൃഷ്ടാന്തത്തിലൂടെ വൃക്ഷങ്ങൾക്കു ചേതനയുണ്ടെന്നു പ്രതിപാദിക്കുന്നു. ഈ ഒരേ ഒരു ചേതനയുടെ - ബോധത്തിന്റെ-മൂന്നു രൂപങ്ങൾ ഉപനിഷത്തു പഠിപ്പിക്കുന്നു അധ്യാത്മം, അധിഭൂതം, അധിദൈവം എന്നിവ. അധ്യാത്മം എന്നത് ഓരോ ആത്മാവും ഈ ചേതനയാണെന്നതാണ് സൂചിപ്പിക്കുന്നത്. അധിഭൂതം എന്നതുകൊണ്ട് സൃഷ്ടിക്കപ്പെട്ട എല്ലാ ഭൂതങ്ങളും ഈ ചേതനയാണെന്നും അധിദൈവമെന്നത് എല്ലാ ദേവന്മാരും ഒന്നായ ഈ ചേതനയാണെന്നും കാണിക്കുന്നു. ഈ ഏകത്വദർശനമാണ് ഇന്നു നമുക്കാവശ്യം.

നാം നമ്മുടെ സഹജീവികളോട് കാരുണ്യമുള്ളവരായിരിക്കണം. മനുഷ്യന്റെ മാത്രമല്ല, എല്ലാ ചരാചരങ്ങളുടെയും ആധാരമാണ് ഭൂമി. *ഏഷാം ഭൂതാനാം പൃഥ്വീ രസഃ*[22] എന്ന് ഉപനിഷത്തു പറയുന്നു. ഇവിടെ *രസഃ* എന്നതിന് ഗതി, പരായണം എന്നിങ്ങനെയാണർത്ഥം. ഇന്ന് ഉപഭോക്തൃസംസ്കാരത്തിൽ ഭൗതികസുഖമാണു പരമസുഖമെന്നു കരുതി നാം പ്രകൃതിയെ ചൂഷണം ചെയ്ത് ഭൗതികസുഖങ്ങളിൽ മഗ്നരായി കഴിയുന്നു. ഓരോരുത്തരും ഇന്ദ്രിയങ്ങളുടെ ദാസനായി ഭവിക്കുന്നു. അപരിമിതമായ വിഷയഭോഗങ്ങൾ മൃഗമരീചികപോലെ നമ്മെ നാശത്തിലേക്കു നയിക്കുന്നു. അതു പരിഹരിക്കുവാൻ ത്യാഗത്തിലൂടെ ഭുജിക്കുവിൻ-*തേന ത്യക്തേന ഭുഞ്ജീഥാഃ*[23] - എന്ന് ഉപനിഷത്ത് ഉദ്ഘോഷിക്കുന്നു. കർമ്മത്താലോ പ്രജയാലോ ധനത്താലോ അല്ല ത്യാഗത്തിലൂടെയാണ് അമൃതത്വം ലഭിക്കുന്നതെന്ന് മഹാനാരായണോപനിഷത്ത് പറയുന്നു (*ന കർമണാ ന പ്രജയാ ധനേന ത്യാഗേനൈകേനാമൃതത്വമാനശുഃ*).

ഭൗതികസുഖിമാർ അലസന്മാരായി ഭവിക്കും. ഭോഗങ്ങളല്ല, മറിച്ച് ഭോഗങ്ങളെ അനുഭവിക്കുന്ന നാം തന്നെയാണ് ഭുജിക്കപ്പെടുന്നതെന്ന സത്യം നാം തിരിച്ചറിയുന്നില്ല. അതുകൊണ്ട് ഇന്ദ്രിയങ്ങളുടെ സ്വാമിയാവുക, ദാസനാകരുതെന്ന് കഠോപനിഷത്തു പറയുന്നു. ബാഹ്യവിഷയങ്ങളിലുള്ള അമിതാസക്തി, ദുഃഖം, കലഹം, കൊള്ള, കൊല എന്നിവയ്ക്കെല്ലാം കാരണമാകുന്നു. ലോകത്ത് ഒരു പ്രാണിയെയും കൊല്ലരുതെന്ന് ശ്വേതാശ്വതരോപനിഷത്ത് ഉദ്ഘോഷിക്കുന്നു: *മാ ഹിംസീഃ പുരുഷം ജഗത്.*

സാമൂഹികപ്രശ്നങ്ങൾക്കു മറ്റൊരു കാരണം മനുഷ്യരുടെ മനഃശുദ്ധിയില്ലായ്മയാണ്. ഇത് ആർജ്ജിക്കുകയെന്നത് അത്യന്തം പ്രധാനമാണ്. ഇതിന് ആഹാരശുദ്ധി അനിവാര്യമാണ്. അന്തരിന്ദ്രിയമായ മനസ്സ് അന്നമയമാണെന്ന് ഛാന്ദോഗ്യോപനിഷത്ത്-*അന്നമയം ഹി സോമ്യ മനഃ.*[24] നാം കഴിക്കുന്ന ഭക്ഷണത്തെ ആശ്രയിച്ചാണ് മനസ്സു പ്രവർത്തിക്കുന്നത്. ആഹാരശുദ്ധി മനഃശുദ്ധിക്കു കാരണമാണെന്നും ശുദ്ധമായ അന്തഃകരണത്തിൽ മന…

ന്റ് അചഞ്ചലമാണെന്നും പറയുന്നു- *ആഹാരശുദ്ധൗ സത്വശുദ്ധിഃ, സത്വ ശുദ്ധൗ ധ്രുവാ സ്മൃതിഃ.*

മനോനിഗ്രഹം വായുനിഗ്രഹത്തെപ്പോലെ ദുഷ്കരമാണ്. ഓംകാരോ പാസനയിലൂടെ മനോനിഗ്രഹം സാധ്യമാകും. ഓംകാരം അക്ഷരമാണ്- ബ്രഹ്മമാണ്. ഓംകാരോച്ചാരണസമയം *ഓം* എന്ന് ഉച്ചത്തിൽ ഉച്ചരിക്കു മ്പോൾ അതിന്റെ പ്രതിധ്വനി ശരീരത്തിന്റെ ഓരോ അംഗങ്ങളിലും സ്പർ ശിച്ചിട്ട് ആത്മാവിൽ പ്രതിധ്വനി സൃഷ്ടിക്കുന്നു. ഇതിലൂടെയുണ്ടാകുന്ന തത്വജിജ്ഞാസയിലൂടെ ലഭിക്കുന്ന ജ്ഞാനംകൊണ്ടുമാത്രമേ നമ്മുടെ അത്യാശയെ പരിത്യജിക്കുവാൻ സാധിക്കുകയുള്ളൂ. ഇവിടെ *മാ ഗൃധഃ കസ്യ സ്വിദ്ധനം*[25] (മററുള്ളവരുടെ ധനം ആഗ്രഹിക്കരുത്) എന്ന ഉപനിഷദ്വചനം ശ്രദ്ധേയമാണ്. ഇത് ഭോഗത്തിന്റെയും ത്യാഗത്തിന്റെയും സമന്വയമാണ് സൂചിപ്പിക്കുന്നത്.

ധനം ഒരിക്കലും സ്ഥിരമല്ല. ധനംകൊണ്ട് മനുഷ്യൻ ഒരിക്കലും തൃപ്ത നല്ല. *ന വിത്തേന തർപണീയോ മനുഷ്യഃ* എന്ന് കഠോപനിഷത്ത്. ധന ത്തിന്റെ പ്രതിഷ്ഠ സത്യത്താലാണ്. അതുകൊണ്ട് മുണ്ഡകോപനിഷത്തു പറയുന്നു: *സത്യമേവ ജയതേ, സത്യാന്ന പ്രമദിതവ്യം*[26] - സത്യം മാത്രമേ ജയിക്കുകയുള്ളൂ, സത്യത്തിൽ നിന്നു വ്യതിചലിക്കരുത് എന്ന്. ധന ത്തോടുള്ള ആർത്തി മനുഷ്യനിൽ അസൂയയും മാൽസര്യബുദ്ധിയും ഉണ്ടാക്കുന്നു. ഇതും സാമൂഹികപ്രശ്നങ്ങൾക്കു നിദാനമാണ്. ധനം മനു ഷ്യന് ഭൗതികസുഖം നൽകുമെങ്കിലും ആത്യന്തികമായ സുഖം- ആനന്ദം നൽകില്ല. ആയതിനാൽ അവൻ ആധ്യാത്മികതയും ഭൗതികതയും സമന്വയി പ്പിച്ചുജീവിക്കുവാൻ പ്രയത്നിക്കണം. ആത്യന്തികമായ സുഖം ആധ്യാത്മി കതയിൽ അന്തർഭവിക്കുന്നു എന്നതിനാൽ ഇന്നത്തെ മനുഷ്യന്റെ സ്ഥിതി അന്ധനാൽ നയിക്കപ്പെടുന്ന മററൊരു അന്ധനെപ്പോലെയാണെന്ന് ഉപനിഷ ത്തിൽ പറയുന്നു: *അന്ധേനൈവ നീയമാനാ യഥാന്ധാഃ.*

സമ്യക്ദർശിയായ പുരുഷൻ അന്യന്റെ ദുഃഖം സ്വന്തം ദുഃഖമായും അന്യന്റെ സുഖം സ്വന്തം സുഖമായും അന്യന്റെ അഭ്യുന്നതി തന്റെ ഉയർച്ച യായും കരുതുന്നു. പരസ്പരമുണ്ടാകുന്ന ഈർഷ്യാദ്വേഷാദികൾതന്നെ യാണ് എല്ലാ പ്രയാസങ്ങൾക്കും കാരണം. പരസ്പരസ്നേഹത്തിലൂടെ ഈർ ഷ്യാദികളെ ഇല്ലാതാക്കാം. ജീവികളോടുള്ള കാരുണ്യം ഇതിനു സമർത്ഥ മാണ്. മനഃശുദ്ധി ഉണ്ടാകുന്നതിലൂടെ എല്ലാ ക്ഷുദ്രവിചാരങ്ങളും നിഷ്പ്രഭ മാകും. ഉപനിഷത്തിൽ ഇങ്ങനെ പറയുന്നു- പ്രജാപതി *ദ* എന്ന അക്ഷര ത്തിൽ ഉപദേശം നൽകി. *ദ* എന്നതിന് ദാമ്യത, ദയദ്ധ്വം, ദാനം എന്നിങ്ങനെ മൂന്നർത്ഥങ്ങളുണ്ട്. *ദ ദ ദ ഇതി ദാമ്യത ദത്ത ദയദ്ധ്വമിതി തദേത് ത്രയം ശിക്ഷേദ് ദമം ദാനം ദയാമിതി.*[27] ദയയും ശ്രദ്ധയും മനുഷ്യകർമ്മത്തിന്റെ ആധാരശിലകളാണ്. ഇവ രണ്ടും ദാനം കൊണ്ട് ദൃഢമാക്കാം. മനുഷ്യൻ ദാനം ചെയ്യാൻ കൃപണനും (പിശുക്കനും) ഭോഗങ്ങൾ അനുഭവിക്കുന്നതിൽ മാത്സര്യമുള്ളവനുമാണ്.

ജാതിമതചിന്തകൾക്കതീതമായി ഗുണശ്രേഷ്ഠരായ ജ്ഞാനവൃദ്ധന്മാര ആദരിക്കണമെന്നുള്ളത് ഒരു വസ്തുതയാണ്. മനുഷ്യധർമ്മമാണത്. നമ്മ ടെ ആചാര്യന്മാർ പറയുന്നു- *മാതൃദേവോ ഭവ, പിതൃദേവോ ഭവ, ആചാര്യ ദേവോ ഭവ*[28] എന്ന്. മനുഷ്യജീവിതത്തിൽ കർമ്മാനുഷ്ഠാനത്തിലോ ധർമ്മ നുഷ്ഠാനത്തിലോ സംശയമുണ്ടായാൽ ശ്രേഷ്ഠന്മാരുടെ മാർഗ്ഗത്തെ അനു വർത്തിക്കാമെന്ന് തൈത്തിരീയോപനിഷത്തിൽ പറയുന്നു.

മധുരമായ വാക്കുകൾ ശത്രുവിനേപ്പോലും മിത്രമാക്കുന്നു. സംസാരിക്ക മ്പോൾ പ്രിയമായതു പറയുവാൻ ശ്രദ്ധിക്കണം. ഇവിടെ *ജിഹ്വാ മധുമത്തായാ*[29] എന്ന ഉപനിഷദ്വാക്യം ശ്രദ്ധേയമാണ്. കേൾക്കുന്നതും ശുഭ രമാകണം. *കർണാഭ്യാം ഭൂരി വിശ്രുവം.*[30] *സുപഥം ചര, ശ്രേഷ്ഠോ ഭവ* സന്മാർഗ്ഗത്തിൽ ചരിക്കുക, ശ്രേഷ്ഠരായി ഭവിക്കുക എന്നും പറയുന്നുണ്ട *തമസോ മാ ജ്യോതിർഗമയ, മൃത്യോർമാ അമൃതം ഗമയ* എന്നു ബൃഹ ദാരണ്യകം ഉദ്ഘോഷിക്കുന്നു. ഇപ്രകാരം മാനവരാശിയുടെ അഭ്യുന്നതിക്ക ഉപനിഷത്തുകൾ അത്യന്തം പ്രയോജനകരങ്ങളാണ്.

ഉപനിഷത്തത്ത്വങ്ങളുമായി ധാരാളം സാദൃശ്യങ്ങൾ ബൈബിളിലും ഖുറ നിലും കാണാം. ഇസ്ലാമിലെ സൂഫിസത്തിന്റെ അടിസ്ഥാനതത്ത്വം ജീവ ത്മപരമാത്മൈക്യമാണ്. ബൈബിൾ ആരംഭിക്കുന്നത് - *ആദിയിൽ ദൈവ ആകാശവും ഭൂമിയും സൃഷ്ടിച്ചു* എന്ന, ഉപനിഷത്തിനു സമാനമായ, വാക ത്താലാണ്. *ദൈവം ആത്മാവാകുന്നു*[34] എന്നാണ് ബൈബിൾവചനം.

എല്ലാ അസമത്വങ്ങൾക്കും കാരണം അജ്ഞാനമാണ്. വേദാന്തദർശന ത്തിന് അഥവാ ഉപനിഷദ്ദർശനത്തിന് ഈ അജ്ഞാനത്തെ ഇല്ലാതാക്ക സമ്യക്ദർശനം ഉണ്ടാക്കുവാൻ കഴിയും. തദ്വാരാ ജാതിമതവിഭാഗീയ ചിന്ത കളെല്ലാം അവസാനിക്കുകയും ചെയ്യും. എല്ലാ ജീവനും ഒരേയൊര ചൈതന്യത്തിന്റെ അംശമാണെന്ന തിരിച്ചറിവ് ലോകസാഹോദര്യത്തെ പരിപോഷിപ്പിക്കുന്നു. ഈ ഏകത്വദർശനം വർണ്ണം, ഭാഷ, മതം, ദർശനം കല, ആചാരങ്ങൾ എന്നിവയ്ക്കെല്ലാം അതീതമാണ്.

ഭാരതം ഒരു ജനാധിപത്യരാജ്യമാണ്. എല്ലാ മതങ്ങളേയും ആചാരങ്ങ ളേയും ബഹുമാനിക്കുന്ന ഒരു പ്രവണതയാണു ഭാരതീയരുടേത്. എല്ലാ മതങ്ങളുടെയും ആത്യന്തികലക്ഷ്യം ഒന്നാണെന്നുള്ള തിരിച്ചറിവ് എല്ലാവിധ സംഘർഷങ്ങൾക്കും അറുതിവരുത്തും. സ്വാർത്ഥതയും നിസ്വാർത്ഥതയു തമ്മിലുള്ള സംഘർഷമാണ് മനുഷ്യജീവിതത്തിലെ ഏററവും വലിയ പ്ര ശ്നം. മററുള്ളവരുടെ താത്പര്യങ്ങളെ വ്രണപ്പെടുത്തരുതെന്നാണ് ഉപനിഷ ത്തു പഠിപ്പിക്കുന്നത്. അതുകൊണ്ട് നാം നിസ്വാർത്ഥരാവണം. മേൽപ്പറഞ്ഞ സംഘർഷം സ്നേഹത്തിലൂടെ മാത്രമേ പരിഹരിക്കുവാൻ കഴിയൂ. സച്ചിദാ നന്ദസ്വരൂപമായ ബ്രഹ്മം സ്നേഹമാണ്- ആനന്ദമാണ്. എല്ലാം ബ്രഹ്മമാ ണെന്നുള്ള ഉപനിഷദ്വാക്യം സ്നേഹമാകുന്ന ചരടിൽ മനുഷ്യന്റെ ഐക്യ ത്ത രൂപപ്പെടുത്തുന്നു. ഈ ഏകത്വബോധമാണ് സ്നേഹത്തിന്റെ ആധാരം

*സർവം ഖല്വിദം ബ്രഹ്മ* എന്ന വാക്യം ഭോഗം-ത്യാഗം, സ്വാർത്ഥത- നിസ്വാർത്ഥത എന്നിവ തമ്മിലുള്ള ഏററുമുട്ടൽ അവസാനിപ്പിക്കുന്നു. എല്ലാവരുടേയും ജീവിതം അല്പമാണ്. *സർവം ജീവിതം അല്പമേവ്*[35] എന്നു കഠോപനിഷത്ത്. അല്പമായ ഈ ജീവിതത്തിൽ ജന്മലക്ഷ്യമാകുന്ന ആത്മസാക്ഷാത്കാരം നേടുവാനുള്ള ഇച്ഛ എല്ലാവർക്കും ഉണ്ടാവണം.

അനേകം മാറ്റങ്ങൾ ഉണ്ടായെങ്കിലും ഇപ്പോഴും ഭാരതത്തിന്റെ കണ്ണുകൾ ആത്മീയമായ ആ സത്യത്തിൽ സ്ഥാപിതമാണ്. രാജാ റാം മോഹൻറോയ്, മഹർഷി ദേവേന്ദ്രനാഥ്, കേശബ് സെൻ, സ്വാമി വിവേകാനന്ദൻ, ശ്രീരാമകൃഷ്ണപരമഹംസർ, ശ്രീ അരബിന്ദോ തുടങ്ങിയവർ ഉപനിഷത്തത്ത്വങ്ങളുടെ സ്വാധീനത്താലാണ് അവരുടെ പ്രവർത്തനമണ്ഡലങ്ങളിൽ ശോഭിച്ചത്. ടാഗോർ, ബാലഗംഗാധരതിലകൻ, ഗാന്ധിജി തുടങ്ങിയവരും ഉപനിഷത്തുകളിലെ ആത്മതത്ത്വത്തെ സ്വാംശീകരിച്ചവരാണ്.

ആധുനികഭാരതത്തിൽ സാമൂഹികവും രാഷ്ട്രീയവുമായ ജീവിതം *നാനാത്വത്തിൽ ഏകത്വം* എന്ന ആശയത്തിലൂടെ അരക്കിട്ടുറപ്പിക്കുവാനുള്ള ശ്രമം നടക്കുന്നു. ഉപനിഷത്തുകളിൽ നാനാത്വത്തിലൂടെയാണ് ഏകത്വം സ്ഥാപിക്കുന്നത്. അതുകൊണ്ട് മനുഷ്യസംസ്കാരം തുടരണമെന്നാഗ്രഹിക്കുന്നുവെങ്കിൽ ഇന്ത്യയിൽ മാത്രമല്ല ലോകം മുഴുവൻ ഉപനിഷത്തുകളിലെ ഈ ഏകത്വദർശനം സ്വാംശീകരിക്കണം. വിശ്വമാനവികത മറ്റേതു സാഹിത്യകൃതികളേക്കാളും ഉപനിഷത്തുകളിലാണ് ദർശിക്കുവാൻ കഴിയുന്നത്. ഭാരതം വ്യത്യസ്തമതങ്ങൾക്കും സംസ്കാരങ്ങൾക്കും സാക്ഷിയാണ്. ഇവയെ സമന്വയിപ്പിക്കുവാൻ ആനന്ദസ്വരൂപമായ ആത്മാവബോധത്തിലൂടെ മാത്രമേ സാധിക്കുകയുള്ളു. ഭാരതീയസംസ്കാരത്തിന്റെ അടിത്തറ ഈ സമത്വദർശനമാണ്. ഇതിനുമാത്രമേ ലോകസാഹോദര്യവും സൗഹൃദവും സമാധാനത്തിലൂടെ ഇതു സാധ്യമല്ല. അതുകൊണ്ട് ഭൗതികതയും ആധ്യാത്മികതയും സമന്വയിപ്പിച്ചു പഠിക്കുവാനും പഠിപ്പിക്കുവാനും ശ്രമിക്കണം. ഉപനിഷദ്മഹാവാക്യങ്ങൾ സശ്രദ്ധം മനസ്സിലാക്കി ഭാവിയിൽ എല്ലാതരം സാമൂഹികാസമത്വങ്ങളും പരിഹരിക്കുവാനും എല്ലാവരേയും സമഭാവേന കാണുവാനും നമുക്കു കഴിയട്ടെ. ഇതിനായി നമ്മുടെ വീക്ഷണത്തെക്കുറിച്ച് ഒരു പുനർവിചിന്തനവും നമ്മുടെ പ്രവർത്തനമണ്ഡലത്തിൽ പൂർണ്ണമായ ഒരു പുനർനിർമ്മിതിയും ആവശ്യമാണ്.

**അടിക്കുറിപ്പുകൾ**

1. ഐതരേയോപനിഷത്ത് - I-2-3
2. ഋഗ്വേദം - X -191-2
3. പഞ്ചതന്ത്രം - V- 305
4. ബൃഹദാരണ്യകോപനിഷത് - I- 1- 11
5. മഹാഭാരതം ശാന്തിപർവ്വം - 188-10

6. ശിവമഹിമ്നസ്തോത്രം - 7
7. ഋഗ്വേദം - I-164-46
8. ഛാന്ദോഗ്യോപനിഷത് - VI- 1
9. ടി. - III- 14-1
10. ഈശാവാസ്യോപനിഷത് - 1
11. ബൃഹദാരണ്യകോപനിഷത് - II- 3- 1
12. മുണ്ഡകോപനിഷത് - II- 1- 2
13. ഐതരേയോപനിഷത് - III -1-3
14. മാണ്ഡൂക്യോപനിഷത് - II- 2
15. ഛാന്ദോഗ്യോപനിഷത് - VI- 8-4
16. ബൃഹദാരണ്യകോപനിഷത് - I- 4- 10
17. ഈശാവാസ്യോപനിഷത് -6
18. മുണ്ഡകോപനിഷത് - II- 1
19. ബൃഹദാരണ്യകോപനിഷത് - I- 3- 22
20. മുണ്ഡകോപനിഷത് - II- 1- 8
21. ഐതരേയോപനിഷത് - III -1-3
22. ഛാന്ദോഗ്യോപനിഷത് - I- 1-2
23. ഈശാവാസ്യോപനിഷത് -1
24. ശ്വേതാശ്വതരോപനിഷത് - 3-6
25. ഛാന്ദോഗ്യോപനിഷത് - VI- 6-5
26. ഈശാവാസ്യോപനിഷത് -1
27. കഠോപനിഷത് -1-2-5
28. മുണ്ഡകോപനിഷത് - I- 2- 8
29. ബൃഹദാരണ്യകോപനിഷത് - V- 2- 3
30. തൈത്തിരിയോപനിഷത് - I-11-2
31. ടി - I-4-1
32. ടി.
33. ബൃഹദാരണ്യകോപനിഷത് - I- 3- 28
34. യോഹന്നാൻ -4- 23- 24, ഏകസത്യദൈവം, ജോർജ് തേറയിൽ, പിൽ
ഗോസ്പേൽ പബ്ളിക്കേഷൻ, കോഴിക്കോട് പേജ് നം- 230
35. കഠോപനിഷത് -1-1-26.